(ജി) 2004-2005 സാമ്പത്തിക വർഷത്തിൽ ഒരദ്ധ്യാപകന് ഒരു ദിവസം 70 രൂപ നിരക്കിൽ 20 ദിവസത്തെ പരിശീലനത്തിനുള്ള തുകയായ 1685.79 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2003-2004-ൽ 44.59 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഡയറ്റ് പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

77 [1487] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഡയറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡയറ്റിൽനിന്നും അദ്ധ്യാപകർ വ്യാപകമായി ഒഴിഞ്ഞുപോകുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ സ്ഥാപനത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രൈമറി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് 1998 മുതൽ സംസ്ഥാനത്ത് ഡയറ്റുകൾ പ്രവർത്തിച്ചു തുടങ്ങിയത്. പുതിയ വിദ്യാഭ്യാസ പാഠ്യപദ്ധതി തയ്യാറാക്കുന്നതും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതും ഡയറ്റുകളാണ്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ഡയറ്റുകളുടെ പ്രവർത്തന മേഖല വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുവാൻ സ്വീകരിച്ച ടെണ്ടർ

78 [1488] ശ്രീ. ടി. പി. രാമകൃഷ്ണൻ:

" കെ. കെ. ജയചന്ദ്രൻ:

" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്വകാര്യ പ്രസ്സുകളാണ് അച്ചടിക്ക് ടെണ്ടർ നൽകിയതെന്നും അവ ഓരോന്നും രേഖപ്പെടുത്തിയ ടെണ്ടർ നിരക്ക് എത്രയെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly